## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1617 **10.02.2020 ൽ** മറുപടിക്ക്

### റോഡ്സൈഡ് പുറമ്പോക്കിൽ താമസിക്കുന്നവർക്കുള്ള പുനരധിവാസം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.എഫ്.തോമസ്** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ മുപ്പത്തിമൂന്ന് കോടി രൂപ മുടക്കിൽ കിഫ്ബി നിർമ്മിക്കുന്ന ചങ്ങനാശ്ശേരി-കവിയൂർ റോഡിന് നിശ്ചിത അളവിലുള്ള വീതി കൂട്ടുമ്പോൾ ചങ്ങനാശ്ശേരി ടൗണിലും പായിപ്പാട് ഗ്രാമപഞ്ചായത്തിലുംപ്പെട്ട പ്രസ്തുത റോഡ്സൈഡ് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് മുനിസിപ്പാലിറ്റിയും പഞ്ചായത്തും ഭൂമിയും വീടും നൽകുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; | ചങ്ങനാശ്ശേരി കവിയൂർ റോഡ്സൈഡ് പായിപ്പാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പുറമ്പോക്കിൽ താമസിക്കുന്നവരിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് അർഹതയനുസരിച്ച് ഭൂമിയും വീടും അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി | പ്രസ്തുത റോഡിന്റെ നിർമ്മാണം നടക്കുന്നതുകൊണ്ട് ഭവന രഹിതരാകുന്ന ഇവരെ അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | റോഡ് നിർമ്മാണം നടക്കുന്നത് കൊണ്ട് ഭവനരഹിതരാകുന്നവരെ ലൈഫ് ഭവന പദ്ധതിയിൽ കൂടി മാത്രമേ നിലവിലെ സാഹചര്യത്തിൽ പുനരധിവസിപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ